**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭ - വിജിലൻസ് മിന്നൽ പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ)നം.1763/2019/തസ്വഭവ. തിരുവനന്തപുരം, തീയതി:14.08.2019

പരാമർശം :- 1. വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23.11.2016 തീയതിയിലെ ഇ.26(എസ്.സി 34/16/റ്റി.എസ്.ആർ) 35501/16/യു.എ നമ്പർ കത്ത്.

2. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമന് നൽകിയ 19.07.2017 തീയതിയിലെ തസ്വഭവ-ഇ.യു.1/213/2017/ ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ. രഘുരാമൻ സമർപ്പിച്ച 10.09.2017 തീയതിയിലെ പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 05.04.2019,16.07.2019 തീയതികളിലെ വി3-19207/17 നമ്പർ കത്ത്.

**ഉത്തരവ്**

ഗുരുവായൂർ നഗരസഭയിൽ സപ്തവർണ്ണ ബിൽഡേഴ്സ് നടത്തിയ അനധികൃത നിർമ്മാണത്തിനെതിരെ ശ്രീ അരവിന്ദാക്ഷൻ സമർപ്പിച്ച പരാതിയെ തുടർന്ന് വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോയുടെ തൃശ്ശൂർ യൂണിറ്റ് ഗുരുവായൂർ നഗരസഭയിൽ 11.07.2016 തീയതിയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തി പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തു.

i. ഭൂമിക്കടിയിൽ രണ്ട് ആർ.സി.സി. ജല സംഭരണികൾ പടിഞ്ഞാറ്/തെക്ക ഭാഗങ്ങളിലായി മുനിസിപ്പൽ റോഡിന്റെ സമീപത്തായി തുറസ്സായ സ്ഥലം ലഭ്യമാകാതെ നിർമ്മിച്ചിരിക്കുന്നു.

ii. 15.9 മീറ്റർ ഉയരമുള്ള കെട്ടിടത്തിന് പല ഭാഗങ്ങളിലും നിലവിലുള്ള റോഡ് അതിർത്തിയിൽ നിന്നും 4 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയിട്ടില്ല.

iii. 08.10.2013-ന് നൽകിയ പുതുക്കിയ പെർമിറ്റിൽ റോഡ് വൈഡനിംഗ് പ്രൊപ്പോസൽ 1.6 മീറ്റർ നിലവിലുള്ളത് പരിഗണിച്ചില്ല.

iv. നഗരസഭയിൽ ആദ്യം ഹാജരാക്കിയ സൈറ്റ് പ്ലാനിൽ റോഡ് വൈഡനിംഗ് പ്രൊപ്പോസൽ കാണിക്കുകയും ഫയർ എൻ.ഒ.സിയ്ക്ക് അയച്ചപ്പോൾ ആയത്

രേഖപ്പെടുത്തുകയുംചെയ്തിരുന്നു. പക്ഷേ BA No. 111/11-12 നമ്പറായി 09.04.2013-ന് നല്കിയ കെട്ടിട നിർമ്മാണ അനുമതിയിൽ റോഡ് വൈഡനിംഗ് പ്രൊപ്പോസൽ ഒഴിവാക്കുകയായിരുന്നു.

v. പുതുക്കിയ അപേക്ഷയോടൊത്ത് സമർപ്പിച്ച സൈറ്റ് പ്ലാനിൽ കൃത്യമായ അളവുകൾ രേഖപ്പെടുത്തിയിരുന്നില്ല.

vi. നിർമ്മാണാനുമതിയുടെ കാലാവധി 04.04.2016 ൽ അവസാനിക്കുകയും 12.05.2016-ൽ കാലാവധി പുതുക്കുന്നതിന് അപേക്ഷ ലഭിച്ചുവെങ്കിലും യാതൊരു നടപടിയും സ്വീകരിക്കാതിരിക്കുകയും, 3 മാസത്തോളം പെർമിറ്റ് ഇല്ലാതെ കെട്ടിട നിർമ്മാണം തുടരുകയുംചെയ്തിരുന്നു.

2. വിജിലൻസ് വിഭാഗം കണ്ടെത്തിയ മേൽ ക്രമക്കേടുകൾക്ക് അടിസ്ഥാനത്തിൽ ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം രണ്ട് പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകുകയുമുണ്ടായി.

3. കുറ്റാരോപണ മെമ്മോ/പത്രികയ്ക്ക് പരാമർശം മൂന്ന് പ്രകാരം ശ്രീ.രഘുരാമൻ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ഗുരുവായൂർ നഗരസഭയിൽ 19-ാം വാർഡിൽ സപ്തവർണ്ണ ബിൽഡേഴ്സ് നടത്തിയ അനധികൃത നിർമ്മാണത്തിനെതിരെ 22.04.2016-ൽ പരാതി ലഭിച്ച ഉടൻ തന്നെ പരിശോധിക്കാൻ വാർഡിന്റെ ചുമതലയുള്ള ഓവർസിയറെ ചുമതലപ്പെടുത്തുകയും നിർമ്മാണം നിർത്തിവയ്ക്കാൻ 23.04.2016-ന് കെട്ടിട ഉടമയ്ക്ക് നിർദ്ദേശം നല്കുകയും ചെയ്തിട്ടുള്ളതുമാണെന്നും അനധികൃത നിർമ്മാണം നിർത്തിവയ്ക്കുന്നതിന് നല്കിയ ഉത്തരവ് പിൻവലിക്കണമെന്ന് കാണിച്ച് കെട്ടിട ഉടമ 30.04.2016-ൽ അപേക്ഷ നല്കിയെങ്കിലും, അനധികൃത നിർമ്മാണം പൊളിച്ച് നീക്കാത്തതിനാൽ കക്ഷിക്ക് നല്കിയ ബിൽഡിംഗ് പെർമിറ്റ് 13.07.2016 ൽ റദ്ദ് ചെയ്ത് ഉത്തരവായിട്ടുള്ളതുമാണെന്നും പെർമിറ്റ് കാലാവധി കഴിഞ്ഞിരിക്കുന്നതിനാൽ യാതൊരു നിർമ്മാണവും നടത്തരുതെന്ന നഗരസഭാ സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം കക്ഷി തുടർ നിർമ്മാണങ്ങൾ നിർത്തിവയ്ക്കുകയും ചെയ്തിട്ടുള്ളതുമാണെന്നും ശ്രീ രഘുരാമൻ ബോധിപ്പിച്ചിട്ടുണ്ട്.

4. അനധികൃത നിർമ്മാണങ്ങൾ പൊളിച്ച് നീക്കി കക്ഷി റിവൈസ്ഡ് പ്ലാൻ സമർപ്പിക്കുകയും ബഹു.ഹൈക്കോടതി വിധി പ്രകാരം റിവൈസ്ഡ് പ്ലാൻ അംഗീകരിച്ച് 30.08.2017-ൽ പെർമിറ്റ് അനുവദിച്ച് നൽകിയിട്ടുള്ളതുമാണ്. അനധികൃത നിർമ്മാണത്തിനെതിരെ യഥാസമയം നടപടി സ്വീകരിക്കുകയും അനധികൃത നിർമ്മാണങ്ങൾ എല്ലാം പൊളിച്ച് നീക്കി ഇപ്പോൾ ബഹു.ഹൈക്കോടതി വിധി പ്രകാരം പുതിയ പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ കുറ്റാരോപണ മെമ്മോയിന്മേലുള്ള എല്ലാ തുടർനടപടികളും അവസാനിപ്പിക്കണമെന്ന് ശ്രീ.രഘുരാമന്റെ മറുപടിയിൽ അപേക്ഷിച്ചിട്ടുണ്ട്.

5. നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ സർവ്വേ നമ്പർ 141/1, 142/6, 7 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട സ്ഥലത്ത് റസിഡൽഷ്യൽ അപ്പാർട്ട്മെന്റ് പണിയുന്നതിന് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൽ ടി സ്ഥലം അംഗീകൃത മാസ്റ്റർ പ്ലാനിനകത്തുള്ള പബ്ലിക് ആന്റ് സെമി പബ്ലിക് സോണിൽ ഉൾപ്പെട്ടതിനാൽ നഗരസഭ അപേക്ഷ നിരസിച്ചതിനെ തുടർന്ന് കക്ഷി ബഹു.ഹൈക്കോടതി മുമ്പാകെ WP(C) No. 295/12 നമ്പറായി കേസ് ഫയൽ ചെയ്യുകയും പ്രസ്തുത കേസിലെ 21.05.2012-ലെ വിധിയുടെ അടിസ്ഥാനത്തിൽ ലഭ്യമായ നിയമോപദേശത്തിന്റെയും

17.07.2012-ലെ 11-ാം നമ്പർ നഗരസഭാ കൗൺസിൽ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ നഗരസഭയിലെ ഫയൽ BA-111/11-ാം നമ്പർ പ്രകാരം 05.04.2013 ൽ നിർമ്മാണാനുമതി നൽകിയിരുന്നതായും 04.07.2013 ൽ പ്രസ്തുത പെർമിറ്റ് BF+GF+4 നിലകൾ നിർമ്മിക്കുന്നതിന് റിവൈസ് ചെയ്ത് ശ്രീമതി. രജുല അബ്ദുൾ സലാമിന്റെ പേരിലേയ്ക്ക് മാറ്റി നൽകിയിട്ടുള്ളതുമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റിവൈസ് ചെയ്ത് നൽകിയിരുന്ന പെർമിറ്റ് പ്രകാരം പടിഞ്ഞാറ് ഭാഗത്ത് 4.03 മീറ്ററും, 4.99 മീറ്ററും അളവുകളോട് കൂടിയ സെറ്റ് ബാക്കുകളാണ് നൽകിയിരുന്നതെന്നും ആയത് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം കൃത്യവുമാണെന്നും കെട്ടിട ഉടമ പ്രവർത്തി ചെയ്തപ്പോൾ അനുമതി നൽകിയ പെർമിറ്റിൽ നിന്നും വ്യതിചലിച്ച് സെറ്റ് ബാക്കിൽ കുറവു വരുത്തി നിർമ്മാണം നടത്തിയിട്ടുള്ളതുമാണെന്നും കെട്ടിട നിർമ്മാണം നടത്തിവരവെ നഗരസഭയിൽ 22.04.2016-ന് 19-ാം വാർഡിലെ താമസക്കാരന് പ്രസ്തുത കെട്ടിടം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം ലംഘിച്ച് നിർമ്മാണം നടത്തി വരുന്നതായും അതിർത്തികളിൽ നിന്നും പാലിക്കേണ്ട ദൂരപരിധി പാലിച്ചിട്ടില്ലെന്നും സെപ്റ്റിക് ടാങ്ക് റോഡിൽ നിന്നും 1.5 മീറ്റർ പോലും അകലം പാലിച്ചിട്ടില്ലെന്നും ആരോപിച്ച് പരാതി നൽകിയതിനെ തുടർന്ന് പ്രസ്തുത വാർഡ് ഓവർസിയർക്ക് ആയത് പരിശോധിക്കുന്നതിന് നഗരസഭാ സെക്രട്ടറി നിർദ്ദേശം നൽകുകയും 23.04.2016-ൽ ടി അനധികൃത നിർമ്മാണം നിർത്തി വെയ്ക്കുന്നതിനായി നോട്ടീസ് നൽകുകയും എന്നാൽ കക്ഷി പിന്നീട് നിർമ്മാണം തുടർന്നതിനാൽ 13.07.2016-ന് പ്രസ്തുത പെർമിറ്റ് നഗരസഭ റദ്ദ് ചെയ്യുകയായിരുന്നുവെന്നും നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ അനുമതിയുടെ കാലാവധി 04.04.2016-ന് അവസാനിക്കുകയും 12.05.2016-ന് പെർമിറ്റ് കാലാവധി പുതുക്കുന്നതിന് അപേക്ഷ ലഭിച്ചുവെങ്കിലും യാതൊരു നടപടിയും സ്വീകരിക്കാതെ മൂന്ന് മാസത്തോളം പെർമിറ്റില്ലാതെ ടി കെട്ടിടം നിർമ്മാണം തുടരുകയുണ്ടായി എന്ന വിജിലൻസിന്റെ കണ്ടെത്തലുകൾ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയും കൃത്യവിലോപവുമാണെന്നും ആയതിനാൽ ടിയാനെതിരെ ഉചിത തുടർനടപടികൾക്ക് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്യുകയുമുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ രഘുരാമൻ സമർപ്പിച്ച പ്രതിവാദ പത്രികയുടേയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി, KCS(CC&A) Rules 1960 Rule 11(1)(iii) പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.

ഡയറക്ടർ, വിജിലൻസ് ആന്റ് ആന്റി-കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
ചെയർമാൻ/ ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ.
ശ്രീ. രഘുരാമൻ, സെക്രട്ടറി, പാലക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
വിജിലൻസ് വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.